**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **994** | **30.01.2019**-ലെ മറുപടി

## മൈനോറിറ്റി കുടിവെള്ള പദ്ധതി

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ വെട്ടത്തൂർ പഞ്ചായത്തിൽ ഉൾപ്പെട്ട വെട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ഏരിയ കുടിവെള്ള പദ്ധതിയ്ക്കും പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ മൗലാന ജംഗ്ഷൻ മുതൽ ഊട്ടിറോഡ് ബൈപാസ് ജംഗ്ഷൻ വരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിയ്ക്കുന്ന പ്രവൃത്തിയ്ക്കും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള ഈ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതി ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;<br><br>സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ കൃത്യമായ മോണിറ്ററിംഗ് നടത്താത്തതാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതിന് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കണ്ട് ഈ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ബി) യും സി). യും വെട്ടത്തൂർ സർവ്വീസ് ഏരിയ കുടിവെള്ള പദ്ധതിക്ക് വേണ്ടി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്ത പ്രവൃത്തി കിണറിനുള്ള സ്ഥലം ലഭ്യമാക്കാനാകാതെ റദ്ദ് ചെയ്യുകയും ഇതിന് ശേഷം പുതുക്കിയ സ്ഥലം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴേക്കും ഭരണാനുമതിയുടെ കാലാവധി കഴിയാഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടി വന്നു. 19.04.2018 ന് മൈനോറിറ്റി വിഭാഗവും കേരള വാട്ടർ അതോറിറ്റിയുമായി നടന്ന മീറ്റിംഗിൽ 2016 ന് മുൻപ് ഭരണാനുമതി ലഭ്യമായതും ഇതുവരെ നടപ്പിലാക്കാത്തതുമായ പ്രവൃത്തികൾ നടപ്പിലാക്കേണ്ട എന്ന നിർദ്ദേശവുമുണ്ടായി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മൗലാന |

ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപ്പാസ് ജംഗ്ഷൻ വരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് 30.00 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിക്ക് റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ മാത്രം 29,67,800/- രൂപ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടു. ഇപ്പോൾ KIIFB TRAN 10 WRD 025-13 രാമഞ്ചാടി പദ്ധതിയിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ മുഴുവൻ എ.സി. പൈപ്പുകളും മാറ്റുന്നതിന് 92.52 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ ഈ പ്രദേശവും ഉൾപ്പെടുത്തിയതിനാൽ ഇനി ഈ പ്രവൃത്തി മൈനോറിറ്റി പദ്ധതിയിൽ ചെയ്യേണ്ടതില്ല.

Renuka Sankar
സെക്ഷൻ ഓഫീസർ